# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2556 — 08.05.2017 -ൽ മറുപടിക്ക്

## വർദ്ധിച്ചുവരുന്ന ജല മലിനീകരണം നിയന്ത്രിക്കുന്നതിനുള്ള വ്യത്യസ്ത നിലപാട്

### ചോദ്യം

ശ്രീ.എം.ഉമ്മർ

(എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന ജല മലിനീകരണവും അതിന്റെ കാരണങ്ങളും സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ;വിശദമാക്കുമോ;

### മറുപടി

മാത്യു.ടി തോമസ്
(ജലവിഭവ വകുപ്പുമന്ത്രി)

(എ) ജലസേചന വകുപ്പ് നേരിട്ട് ജലമലിനീകരണവും അതിന്റെ കാരണങ്ങളും സംബന്ധിച്ച് പഠനം നടത്തിയിട്ടില്ല. എന്നാൽ സംസ്ഥാനത്ത് ജലമലിനീകരണത്തിന്റെ തോത് വർദ്ധിച്ചുവരുന്നതായി കോഴിക്കോട് ആസ്ഥാനമായുള്ള ജലവിഭവ വിനിയോഗ പഠന കേന്ദ്രം (CWRDM) തയ്യാറാക്കിയ റിപ്പോർട്ട് വ്യക്തമാക്കുന്നു. ഇപ്രകാരം ജലമലിനീകരണത്തിന് കാരണമാകുന്ന ഘടകങ്ങൾ ചുവടെ കൊടുക്കുന്നു.

- പൊതുജനങ്ങൾ മാലിന്യം ജലാശയങ്ങളിൽ നിക്ഷേപിക്കുന്നത്
- നഗരവത്കരണം
- കാർഷികമേഖലയിൽ ഉപയോഗിക്കുന്ന രാസവളം/രാസകീടനാശിനി എന്നിവ ജലാശയങ്ങളിൽ എത്തുന്നത്
- ഭൂവിനിയോഗത്തിൽ വന്ന മാറ്റം
- നഗര-ഗ്രാമ വ്യത്യാസമില്ലാതെ ഓടകൾ ജലാശയങ്ങളിലേക്ക് തുറന്നു വിടുന്നത് തുടങ്ങിയവ

സംസ്ഥാനത്തെ ജല സ്രോതസ്സുകളുടെ മലിനീകരണത്തിന്റെ തോത് നിർണയിക്കുന്നതിനായി കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ സാമ്പത്തിക സഹായത്തോടെ നാഷണൽ ആംബിയന്റ് വാട്ടർ ക്വാളിറ്റി മോണിറ്ററിംഗ് പദ്ധതിയിലും കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ സ്റ്റേറ്റ് ആംബിയന്റ് വാട്ടർ ക്വാളിറ്റി മോണിറ്ററിംഗ് പദ്ധതിയിലും ഉൾപ്പെടുത്തി കേരളത്തിലെ നദികളിൽ വിവിധ സ്ഥലങ്ങളിലായി വിവിധ സ്റ്റേഷനുകളിൽ നിന്നും ബോർഡ് വെള്ളത്തിന്റെ സാമ്പിളുകൾ ക്രമമായി ശേഖരിച്ച് നടത്തിവരുന്ന പരിശോധന ഫലങ്ങൾ അനുസരിച്ച് പുഴകളിലെ വെള്ളത്തിൽ കോളിഫോം ബാക്ടീരിയയുടെ അളവ് കൂടുതലാ ണെന്ന് കണ്ടെത്തിയിട്ടുണ്ട്.

(ബി) മലിനീകരണം കുറയ്ക്കുന്നതിനും നിയന്ത്രിക്കുന്നതിനും എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിരിക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) ജല മലിനീകരണ (നിയന്ത്രണവും നിവാരണവും) നിയമം, 1974 - പ്രകാരം ജല സ്രോതസ്സുകളിലേക്ക് പാഴ്ജലം ഒഴുക്കുന്നതിന് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി ആവശ്യമാണ് വ്യവസായ സ്ഥാപനങ്ങൾ, ആശുപത്രികൾ, ഹോട്ടലുകൾ, റിസോർട്ടുകൾ, ഉത്തുംഗ കെട്ടിടങ്ങൾ തുടങ്ങിയവയെ പ്രസ്തുത നിയമ പരിധിയിൽ ഉൾപ്പെടുത്തി അവയിൽ നിന്നുമുള്ള പാഴ് ജലം വേ ണ്ട വിധം ശുദ്ധി ചെയ്ത് നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള വ്യവസ്ഥകൾ മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും ജല നിയമ പ്രകാരം നൽകുന്ന അനുമതിയിൽ നിഷ്കർഷിച്ചു വരുന്നു.

സീവേജ് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ പുറന്തള്ളുന്ന വ്യവസായ സ്ഥാപനങ്ങൾ, ആശുപത്രികൾ പാർപ്പിട സമുച്ചയങ്ങൾ, വലിയഹോട്ടലുകൾ, റിസോർട്ടുകൾ എന്നീ സ്ഥാപനങ്ങളെ ജലനിയമ പ്രകാരമുള്ള അനുമതി പരിധിയിൽ കൊണ്ടു വന്ന് ശാസ്ത്രീയമായ മലിനജല ശുദ്ധീകരണ സംവിധാനങ്ങൾ ഏർപ്പെടുത്തിച്ചും അതിന്റെ പ്രവർത്തനം ഇടയ്ക്കിടെ മോണിറ്റർ ചെയ്തും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ജലമലിനീകരണം നിയന്ത്രിച്ചുവരുന്നു.

ജലാശയങ്ങളിലും മറ്റും അനധികൃതമായി മാലിന്യങ്ങൾ വലിച്ചെറിയുന്നത് സംബന്ധിച്ച് നടപടികൾ സ്വീകരിക്കേണ്ടത് തദ്ദേശസ്വയം ഭരണ വകുപ്പാണ്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ അറവു ശാലകൾ, മാർക്കറ്റുകൾ തുടങ്ങിയവയിൽ നിന്നുള്ള മാലിന്യം ശാസ്ത്രീയമായി സംസ്ക്കരിക്കേണ്ടതുമാണ്.

സീവേജ് മൂലമുള്ള മലിനീകരണം തടയുന്നതിനായി എല്ലാ നഗരങ്ങളിലും പട്ടണങ്ങളിലും പ്രധാന പഞ്ചായത്തുകളിലും ഘട്ടം ഘട്ടമായി സിവറേജ് സിസ്റ്റവും സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റും ഏർപ്പെടുത്തുകയും നദിയുടെ ഇരുകരകളിലുള്ള വീടുകളിൽ ശാസ്ത്രീയമായ സെപ്റ്റിക് ടാങ്ക് സോക്പിറ്റ് സംവിധാനം ഏർപ്പെടുത്തുകയും ചെയ്യേണ്ടത് അനിവാര്യമാണ്. പ്രശ്ന പരിഹാരത്തിന് നടപടിയെടുക്കേണ്ടത് കേരള വാട്ടർ അതോറിറ്റിയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമാണ്.

ഹൗസ് ബോട്ടുകളിൽ നിന്നുള്ള സീവേജും ഗാർബേജും എഞ്ചിനിൽ നിന്നുള്ള എണ്ണയും കായൽ മലിനീകരണം ഉണ്ടാക്കുന്നതിന് കാരണമാകുന്നു. ഇത് നിയന്ത്രിക്കുന്നതിനായി ഹൗസ് ബോട്ടുകളെ ബോർഡിന്റെ അനുമതി പരിധിയിൽ കൊണ്ടു വന്നിട്ടുണ്ട്. വിനോദസഞ്ചാരവകുപ്പിന്റെ അധീനതയിൽ കുമരകത്ത് ഹൗസ് ബോട്ടുകളിൽ നിന്നുള്ള സീവേജ് സംസ്ക്കരിക്കുന്നതിനായി ഒരു പൊതു മലിനജല ശുദ്ധീകരണ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഡിസ്ട്രിക് ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെ ഫണ്ട് ഉപയോഗപ്പെടുത്തി 180 KLD ശേഷിയുള്ള ഒരു സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് ആലപ്പുഴയിലെ കുന്നുമ്മ വില്ലേജിൽ സ്ഥാപിച്ചിട്ടുണ്ട്. ഫോർ സ്ട്രോക്ക് ഔട്ട് ബോർഡ് എഞ്ചിനോ ഇൻ ബോർഡ് എഞ്ചിനോ ഉപയോഗിക്കുകയും, സീവേജ് മാലിന്യം കരയിലെ സ്വന്തമായ സീവേജ് സംസ്കരണ സംവിധാനം വഴിയോ പൊതു മലിനജല ശുദ്ധീകരണ സംവിധാനം വഴിയോ സംസ്ക്കരിക്കുകയും ചെയ്യുന്ന ഹൗസ് ബോട്ടുകൾക്കു മാത്രമേ ബോർഡ് അനുമതി പുതുക്കി നൽകുന്നുള്ളൂ.

ജലമലിനീകരണം നിയന്ത്രിക്കുന്നതിനുള്ള നിയമപരമായ നടപടികൾ സ്വീകരിച്ചുവരുന്നത് സംസ്ഥാന മലിനീകരണ നിയന്ത്രണബോർഡ്, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ എന്നിവയാണ്. ഇതോടൊപ്പം മാലിന്യ സംസ്കരണത്തിനുള്ള നടപടികളും ഈ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കി വരുന്നു. ജലാശയങ്ങളിൽ / നദികളിൽ അടിഞ്ഞുകൂടിയിട്ടുള്ള മാലിന്യം നീക്കം ചെയ്യുന്ന പ്രവർത്തനം ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ജലസേചന വകുപ്പ് മുഖേന നിർവ്വഹിച്ചു വരുന്നു. കൂടാതെ, റെഗുലേറ്ററുകൾ / ചെക്ക്ഡാമുകൾ മുഖേന ഓരുവെള്ളക്കയറ്റം തടയുന്ന നടപടികളും സ്വീകരിക്കുന്നു. നഗര പ്രദേശങ്ങളിൽ നദികൾ, തോടുകൾ, മറ്റ് ജലാശയങ്ങൾ, എന്നിവിടങ്ങളിൽ മാലിന്യം നേരിട്ട് നിക്ഷേപിക്കാതിരിക്കുന്നതിനായി, സാമ്പത്തിക ലഭ്യതയനുസരിച്ച് കമ്പിവേലി നിർമ്മിക്കുന്ന പ്രവൃത്തിയും നിർവ്വഹിക്കുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന മാലിന്യ സംസ്കരണ പ്രവർത്തനങ്ങളും ബോധവത്കരണവും കൂടുതലായും സമഗ്രമായും നിർവ്വഹിക്കുകയാണെങ്കിൽ ജലമലിനീകരണത്തിന്റെ

തോത് കുറയ്ക്കുന്നതിന്/ഇല്ലായ്മ ചെയ്യുന്നതിന് കഴിയും.

ജലനിധി പദ്ധതി നടപ്പിലാക്കിവരുന്ന ഗ്രാമപഞ്ചായത്തുകളിൽ സാനിറ്റേഷൻ സ്കീമുകളുടെ ഭാഗമായി മാലിന്യ സംസ്കരണത്തിനായി 1311 ഗാർഹിക ബയോഗ്യാസ് പ്ലാന്റുകളും, 6123 പൈപ്പ് കമ്പോസ്റ്റിംഗ് യൂണിറ്റുകളും, 65 കമ്മ്യൂണിറ്റി ബയോഗ്യാസ് പ്ലാന്റുകളും സ്ഥാപിച്ചു നൽകിയിട്ടുണ്ട്. കൂടാതെ മനുഷ്യ വിസർജ്യം കുടിവെള്ള സ്രോതസുകളിൽ കലരാൻ ഇടയുള്ള പ്രദേശങ്ങളിൽ അതൊഴിവാക്കാനായി പൊതു സെപ്റ്റിക് ടാങ്കുകളും പൊതു ശൗചാലയങ്ങളും നിർമ്മിച്ചിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിൽ മുൻ സർക്കാരിൽ നിന്നും വ്യത്യസ്തമായ എന്തു നിലപാടാണ് ഈ സർക്കാർ സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കുമോ?

(സി) ഈ സർക്കാർ വിഭാവനം ചെയ്തിട്ടുള്ള ഹരിതകേരളം മിഷൻ വഴി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വിവിധ വകുപ്പുകൾ, സന്നദ്ധസംഘടനകൾ, വലിയ തോതിലുള്ള ജന പങ്കാളിത്തം, ജനപ്രതിനിധികളുടെ പങ്കാളിത്തം എന്നിവ ഉറപ്പാക്കി സമഗ്രവും സംയോജനത്തോടും കൂടിയ പദ്ധതികൾ നടപ്പിലാക്കുന്നതു വഴി സമയബന്ധിതമായി പദ്ധതികൾ പൂർത്തിയാക്കുക എന്നതാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

സെക്ഷൻ ഓഫീസർ